പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 213

# 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 17-10-19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 213

# 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

935/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 213

# 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2011-ലെ കേരള പോലീസ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ജനുവരി 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 101-ാം വകുപ്പിന്റെ ഭേദഗതി.—2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 101-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2019-ലെ 32) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി

കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 101-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത വകുപ്പിലെ (4)-ാം ഉപവകുപ്പിന്റെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറയുന്ന ശിക്ഷകൾ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമാകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥ കാരണം മേജർ പെനാൽറ്റി ചുമത്തപ്പെട്ട ഉദ്യോഗസ്ഥരും സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതായും പ്രൊമോഷൻ നേടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. സർക്കാർ ആയത് വിശദമായി പരിശോധിക്കുകയും പ്രസ്തുത സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി 2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 101-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2019 ജനുവരി 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 6-ാം നമ്പർ ഓർഡിനൻസായി 2019 ജനുവരി 8-ാം തീയതിയിലെ 43-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 14-ാം കേരള നിയമസഭയുടെ 2019 ജനുവരി 25-ാം തീയതി ആരംഭിച്ച് 2019 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2019 ഫെബ്രുവരി 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 9-ാം നമ്പർ ഓർഡിനൻസായി

2019 ഫെബ്രുവരി 26-ാം തീയതിയിലെ 486-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 14-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 190 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 32-ാം നമ്പർ ഓർഡിനൻസായി 2019 ജൂലൈ 7-ാം തീയതിയിലെ 1508-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2019-ലെ 32-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ട് വരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

## 2011-ലെ കേരള പോലീസ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2011-ലെ 8)

**** **** **** ****

101. <u>വകുപ്പുതല ശിക്ഷണ നടപടികൾ</u>.—(1) ഈ ആക്റ്റിൻകീഴിലോ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിലോ അവയ്ക്ക് കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ പ്രകാരമോ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ പെരുമാറ്റദൂഷ്യമോ, കുറ്റമോ ചെയ്യുകയാണെങ്കിൽ ആയതിന് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള അച്ചടക്കം, ശിക്ഷ, അപ്പീൽ മുതലായവ സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം അയാളെ വകുപ്പുതല ശിക്ഷണ നടപടിക്ക് വിധേയനാക്കാവുന്നതാണ്.

(2) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെതിരെ ചട്ടങ്ങൾ അനുസരിച്ചുള്ള ശിക്ഷണ നടപടിക്ക് പുറമേ കോടതി മുമ്പാകെ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടി ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് ഉത്തരവിടാവുന്നതാണ്.

(3) ഒരു പോലീസ് ഉദ്യോഗസ്ഥനെ ഈ വകുപ്പുപ്രകാരമുള്ള വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ട് ഏതെങ്കിലും ശിക്ഷണ നടപടികൾക്ക് വിധേയനാക്കുന്നതുമൂലം, ഈ ആക്റ്റ് ഉൾപ്പെടെ യാതൊരു ആക്റ്റിൻ കീഴിലും അയാൾ ക്രിമിനൽ കുറ്റവാളിയാണെന്നോ ക്രിമിനൽ നിയമപ്രകാരം ശിക്ഷാവിധിക്ക് വിധേയനായ ആളാണെന്നോ വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ല.

(4) വകുപ്പുതല അന്വേഷണം പൂർത്തിയായശേഷം കുറ്റക്കാരനാണെന്ന് കാണുന്ന പോലീസ് ഉദ്യോഗസ്ഥനെതിരായി താഴെ (എ) മുതൽ (ക്യൂ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ശിക്ഷണ നടപടി അധികാരിതയുള്ള ഉദ്യോഗസ്ഥനോ സർക്കാരിനോ സ്വീകരിക്കാവുന്നതാണ്.

(എ) പിഴ ;

(ബി) ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധിക ജോലി ;

(സി) സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കുക ;

(ഡി) ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കുക ;

(ഇ) ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകൽ ;

(എഫ്) നിശ്ചിത പ്രത്യേക ജോലി ചെയ്യുന്നതിൽ നിന്നോ, നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽ നിന്നോ നിരോധിക്കുക ;

(ജി) താക്കീത് ;

(എച്ച്) ശാസന ;

(ഐ) സഞ്ചിത ഫലത്തോടെയല്ലാതെയുള്ള ഇൻക്രിമെന്റ് തടയൽ ;

(ജെ) സഞ്ചിത ഫലത്തോടെയുള്ള ഇൻക്രിമെന്റ് തടയൽ ;

(കെ) പ്രൊമോഷൻ തടയൽ ;

(എൽ) സഞ്ചിത ഫലമില്ലാതെ ശമ്പളം കുറയ്ക്കുക ;

(എം) സഞ്ചിത ഫലത്തോടെ ശമ്പളം കുറയ്ക്കുക ;

(എൻ) സീനിയോറിറ്റിയിലോ റാങ്കിലോ തരംതാഴ്ത്തുക ;

(ഒ) നിർബന്ധിത വിരമിക്കൽ ;

(പി) നീക്കം ചെയ്യൽ ;

(ക്യൂ) പിരിച്ചുവിടൽ.

(5) മേൽപ്പറഞ്ഞ (ജി) മുതൽ (ക്യൂ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾ ഒറ്റയ്ക്കോ (എ) മുതൽ (എഫ്) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾക്ക് പുറമേയോ നൽകാവുന്നതാണ്.

(6) മുകളിൽ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണ നടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കുവാൻ പാടുള്ളതല്ല.

**** **** **** ****